# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയർക്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.12/1539/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 01/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയർക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.12/1539/2023 തീയ്യതി: 01/11/2023

## കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി,ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ജ്യോതിലക്ഷ്മി ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ജോഷി തോമസ്,ഓഡിറ്റർ
ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സീനാ ബിജു നാരായണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ഹരീഷ്കുമാർ എൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ റിഥിൻ ജോസഫ് ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-09-2022 |
| ശ്രീമതി സരിത പി ഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2022 | 31-03-2023 |
| ശ്രീ മനു കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.വിമി ഇക്ബാൽ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജു പി ബി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ദീപ വി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രിയാകുമാരി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-07-2022 |
| ശ്രീമതി ഗീതു ആനന്ദ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-08-2022 | 31-03-2023 |
| ഡോ.സജീവ് കുമാർ കെ ആർ | വെറ്ററിനറി സർജൻ | 01-04-2022 | 11-08-2022 |
| ഡോ.മെർലിൻ അലക്സാണ്ടർ | വെറ്ററിനറി സർജൻ | 12-08-2022 | 07-09-2022 |
| ഡോ.സാജു സൈമൺ ജേക്കബ് | വെറ്ററിനറി സർജൻ | 08-09-2022 | 26-12-2022 |
| ഡോ.രേഖ രവീന്ദ്രൻ | വെറ്ററിനറി സർജൻ | 27-12-2022 | 31-12-2022 |

| | | | |
|---|---|---|---|
| ഡോ.ഉഷ ആർ | വെറ്ററിനറി സർജൻ | 01-01-2023 | 17-01-2023 |
| ഡോ.ബിജു പി | വെറ്ററിനറി സർജൻ | 18-01-2023 | 31-03-2023 |
| ശ്രീമതി സജിനിമോൾ ജി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രീതി സി | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ രതീഷ്കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. സജീവ് കെ.എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശില്പമോൾ പി.എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല | 1-1-3 |
| 5 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക ,ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-6 |
| 8 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | Prior Period-വിശദാംശം ലഭ്യമല്ല | 1-1-8 |
| 10 | തെറ്റായ ശീർഷകത്തിൽ പ്രോജക്ട് ചെലവ് അക്കൗണ്ട് ചെയ്തു | 1-1-9 |
| 11 | വരവ് ശീർഷകത്തിന്റെ കൃത്യത ഉറപ്പാക്കിയില്ല. | 1-1-10 |
| 12 | വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-11 |
| 13 | ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക - വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമല്ല. | 1-1-13 |
| 15 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-14 |
| 16 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-15 |
| 17 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-16 |
| 18 | സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | വിവിധ വരവിനങ്ങളിലെ ഡിസിബി കണക്കുകൾ കൃത്യമല്ല. | 1-1-18 |
| 20 | ബി-17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു. | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 25 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമ പദ്ധതികൾ | 1-7 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നു | 1-11 |
| 31 | വസ്തുനികുതി കുടിശിക-വികസന ഫണ്ട് വിഹിതം കുറവ് ചെയ്തു | 1-12 |
| 32 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-13 |
| 33 | കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു | 1-14 |
| 34 | വഴിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചതിലെ അപാകതകൾ | 1-15 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-16 |
| 36 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-17 |
| 37 | വാടക വരവ് - അപാകതകൾ | 1-18 |
| 38 | ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - ലേലനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. | 1-19 |
| 39 | FACTEOS ലൈസൻസ് - അപാകതകൾ | 1-20 |
| 40 | അധിക വിഭവ സമാഹരണം-അവലോകനം | 1-21 |
| 41 | ടിഷ്യൂ കൾച്ചർ വാഴതൈ വിതരണം - വികസനഫണ്ട് നഷ്ടമായി | 1-22 |
| 42 | കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. | 1-23 |
| 43 | ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നു. | 1-24 |
| 44 | പാലിയേറ്റീവ് പരിചരണ പദ്ധതി-മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. | 1-25 |
| 45 | ഹോമിയോ ആശുപത്രിക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചില്ല. | 1-26 |
| 46 | തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു | 1-27 |
| 47 | പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-28 |
| 48 | എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -അപാകതകൾ | 1-29 |
| 49 | വിനിയോഗമിച്ചംവന്ന തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചത് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-30 |
| 50 | ആസ്തിസംരക്ഷണപദ്ധതി-തയ്യാറാക്കിയിട്ടില്ല | 1-31 |
| 51 | റോഡ് റിസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവ് | 1-32 |
| 52 | ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ് | 1-33 |

| | | |
|---|---|---|
| 53 | ഗവ.യു പി എസ് അറുമാന്തർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-ഭാഗികനിർമ്മാണത്തിന് രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി | 1-34 |
| 54 | പഞ്ചായത്ത് ഓഫീസ് പാർക്കിങ്ങ് ഗ്രൗണ്ട് വിശ്രമകേന്ദ്രം -ആവശ്യകത വ്യക്തമല്ല | 1-35 |
| 55 | അങ്കണവാടി മെയിന്റനൻസ്-പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തിട്ടില്ല | 1-36 |
| 56 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പണി പൂർത്തീകരിച്ചിട്ടില്ല. | 1-37 |
| 57 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല | 1-38 |
| 58 | ബോട്ടിൽ ബൂത്ത് നിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-39 |
| 59 | റോഡ് കണക്ടിവിറ്റി മാപ്പ്- തയ്യാറാക്കിയിട്ടില്ല. | 1-40 |
| 60 | ചെലവ് രേഖകൾ കൃത്യമല്ല. | 1-41 |
| 61 | ആശ്രയപദ്ധതി - വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പൂർത്തീകരിക്കാനവശേഷിക്കുന്നു. | 1-42 |
| 62 | വിനിയോഗ വിവരം ലഭ്യമല്ല | 1-43 |
| 63 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -അപാകതകൾ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അയർക്കുന്നം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10/07/2023 തീയതിയിലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 19/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയർക്കുന്നം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി ഉടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ

നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1-1-3 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

01/04/2022 ൽ ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിന ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 2.9 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

1-1-4 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(Opening Balanace Receipt Payament-OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-5 ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക ,ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ, സുലേഖ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സി എഫ് സി ഗ്രാന്റ് സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 9361191 രൂപയാണ്. ബി -4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 9341658. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-6 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

1-1-7 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

1-1-8 Prior Period-വിശദാംശം ലഭ്യമല്ല

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ഐ -19 ഷെഡ്യൂൾ പ്രകാരം Prior Period Income ആയി അക്കൗണ്ട് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-9 തെറ്റായ ശീർഷകത്തിൽ പ്രോജക്ട് ചെലവ് അക്കൗണ്ട് ചെയ്തു

പ്രൊഫഷണൽ കോളേജുകൾക്ക് വിദ്യാഭ്യാസ ധനസഹായം എന്ന പ്രോജക്ടിനായി 645000/-രൂപ ചെലവഴിച്ചതായി വാർഷികധനകാര്യപത്രികപ്രകാരം കാണുന്നുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കിയതായി കാണുന്നില്ല.

1-1-10 വരവ് ശീർഷകത്തിന്റെ കൃത്യത ഉറപ്പാക്കിയില്ല.

RP-10 ഷെഡ്യൂളിൽ 180400101 ശീർഷകത്തിൽ (Recovery From Employess - Audit Recovery Based On Charge Certificate) അക്കൗണ്ട് ചെയ്തിട്ടുള്ള 46060/- രൂപ ചാർജ് നടപടികളുടെ അടിസ്ഥാനത്തിൽ ഈടാക്കിയ ഓഡിറ്റ് റിക്കവറി തുകയല്ല.

1-1-11 വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

കാലിബാരലുകളുടെ വില 150120102 - Receipts From Sale Of Scrap/ Empties And Waste Materials എന്ന ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു

1-1-12 ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വിവിധ ആസ്തികളുടെ ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1-1-13 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക - വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകളുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള വിശദാംശങ്ങൾ സുലേഖ പത്രിക പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-14 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-15 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

1-1-16 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ ഒരു സീറോ ബാലൻസ് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിൽ 31/03/2023 വരെ ഇടപാടുകളില്ല. ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

1-1-17 സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

സ്ഥിരനിക്ഷേപതുകയുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രികയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല. ഐ-7 ഷെഡ്യൂൾ

പ്രകാരമുള്ള സ്ഥിരനിക്ഷേപതുകയുടെ പലിശ 167068 രൂപയാണ്. പലിശയിനത്തിൽ ബാങ്ക് മുതൽകൂട്ടിയിട്ടുള്ളത് 157525/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ആദായനികുതി കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-18 വിവിധ വരവിനങ്ങളിലെ ഡിസിബി കണക്കുകൾ കൃത്യമല്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം വാടകയിനത്തിലെ തൻവർഷകുടിശ്ശിക 87012 രൂപയാണ്. വാടക രജിസ്റ്ററിലെ 2022-23 ഡി സി ബി കണക്കുകൾ പ്രകാരം 177819 രൂപ തൻവർഷ കുടിശ്ശികയായി കാണുന്നു. വ്യത്യാസം വിശദീകരിച്ചിട്ടില്ല. തൊഴിൽനികുതി ഡിസിബി തയ്യാറാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-19 ബി-17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു.

ബി-17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | തനത് ഫണ്ട് പൊതുമേഖല ബാങ്ക് എന്ന് മാത്രം രേഖപ്പെടുത്തൽ | -3258 |
| 2 | 36167386612 എസ് ബി ഐ | -100000 |

കൂടാതെ 450210102 ശീർഷകത്തിൽ 983 നമ്പർ ബാങ്ക് അക്കൗണ്ട് തെറ്റായ രേഖപ്പെടുത്തലായി ബി-17 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട്. മേൽ അപാകതകൾ സോഫ്റ്റ്‌വെയർ അപാകത ആണെന്ന് അറിയിച്ചു. ആയത് നാളിതുവരെ പരിഹരിച്ചിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 16.03.2023 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ |
|---|---|
| മുന്നിരിപ്പ് | 38183573 |
| വരവ് | 269679421 |
| ആകെ | 307862994 |
| ചെലവ് | 292218126 |
| നീക്കിയിരിപ്പ് | 15644868 |

ബജറ്റ് പ്രകാരം 26.96 കോടി രൂപയുടെ പ്രതീക്ഷിത വരവും 29.22 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 17.56 കോടി രൂപയും ചെലവ് 16.18 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം

സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 38,183,573/- |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 54,811,093/- |
| ആകെ | 92,994,666/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment) | 42,458,906/- |
| നീക്കിയിരിപ്പ് (31/03/2023) | 50,535,760/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 1,75,650,290/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 1,61,854,298/- |
| പ്രവർത്തന മിച്ചം (Gross Surplus) | 13,795,992/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 3,698,498/- |
| അറ്റ പ്രവർത്തനമിച്ചം (Net Surplus) | 17,494,490/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 40,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,007,871/- |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പെടെ വരുമാന-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 175650290/- രൂപയും ചെലവ് 161854298/- രൂപയുമാണ്.

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെ വരുമാന-ചലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 175650290/- രൂപയും ചെലവ് 161854298/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 23116500 | 23116500 | 21085833 | 2030667 | 91 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | | | | | | |
| വികസന ഫണ്ട് - SCP | 0 | 6083000 | 6083000 | 5580114 | 502886 | 92 |
| വികസന ഫണ്ട് - TSP | 0 | 168000 | 168000 | 168000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 659274 | 5192657 | 5851931 | 3986835 | 1865096 | 68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 5083079 | 10028095 | 15111174 | 3863850 | 11247324 | 25 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 20560000 | 20560000 | 9026229 | 11533771 | 43 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 7075000 | 7075000 | 5637777 | 1437223 | 79 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 424444 | 0 | 424444 | 112246 | 312198 | |
| ICDS ഫണ്ട് | 1505321 | 1404686 | 2910007 | 641712 | 2268295 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 500000 | 0 | 500000 | 0 | 500000 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3452443 | 1270000 | 4722443 | 472243 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2013308 | 5429277 | 7442585 | 7442585 | 0 | |
| ഹെൽത്ത് ഗ്രാന്റ് | 0 | 207010 | 207010 | 204872 | 2138 | |
| ഹെൽത്ത് ഗ്രാന്റ് – ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 368838 | 368838 | 364944 | 3894 | |

1.ജി.ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ടി എസ് പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം

ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | തനത് നികുതിയുടെ 90% ശേഖരിക്കാത്തത് മൂലം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 23350000/- | 233500/- | 23116500/- | 294/23-725969/- 278/23-725970/- 277/23-481800/- 281/23-481800/- 293/23-481800/- ആകെ-2897339/- | 20219161/- |
| വികസന ഫണ്ട്-SCSP | 6083000/- | ഇല്ല | 6083000/- | 279/23-227856/- 295/23-227856/- ആകെ-455712/- | 5627288/- |
| വികസന ഫണ്ട്-ടിഎസ്പി | 168000/- | ഇല്ല | 168000/- | 296/23-13949 280/23-13950 ആകെ-27899 | 140101/- |

3. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4. B4 ഷെഡ്യൂളിന്റെ എസിആർ എഴുതി സൂക്ഷിക്കാത്തതിനാൽ കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5.ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഇനത്തിൽ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റായ 3937095 രൂപയിൽ 3046230 രൂപ പഞ്ചായത്തിന് നഷ്ടമായി. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള 8201094 ആണ് ടൈഡ് ഇനത്തിലെ നീക്കിയിരിപ്പ്.

6.ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക് ഇനത്തിൽ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റായ 824002 രൂപയിൽ 724532 രൂപ പഞ്ചായത്തിന് നഷ്ടമായി. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള 1140564 ആണ് ബേസിക് ഇനത്തിലെ നീക്കിയിരിപ്പ്. കൂടാതെ പലിശയിനത്തിൽ ക്രെഡിറ്റായ 308655 രൂപ വാർഷിക ധനകാര്യപത്രിക, എ സി ആർ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

7. ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് ഫണ്ട് ചെലവു തുകയിൽ 15000/- രൂപ സുലേഖ പത്രികയുമായി യഥാർത്ഥ കണക്കുകൾ വ്യത്യാസപ്പെടുന്നുണ്ട്. മേൽ തുക വിവിധ പ്രോജക്ടുകളിൽ നിന്നുള്ള റിക്കവറി തുകയാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭ | 21.5.22മുതൽ28.5.22വരെ |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 10.1.22,27.1.22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 4.9.22 |
| വികസന സെമിനാർ | 25.6.22 |
| ഊരുകൂട്ടയോഗം | 26.5.22 |
| ഭിന്നശേഷി ഗ്രാമസഭ | 16.6.22 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 28.1.23 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 2504455 | 2237455 | 89.33 |
| വെറ്ററിനറി സർജൻ | 6 | 6 | 4023000 | 1723379 | 42.8 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 7 | 7 | 2195300 | 2169592 | 98.8 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 3 | 3 | 240000 | 237639 | 99 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 320000 | 320000 | 100 |
| സബ്സ് ഇൻസ്പെക്ടർ ഓഫ് ഫിഷറീ | 1 | 1 | 200,000 | 67771 | 33.88 |
| വി.ഇ.ഒ | 29 | 22 | 92965787 | 21224885 | 22.8 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 6984241 | 5605988 | 80.2 |
| സെക്രട്ടറി | 55 | 35 | 23139410 | 11170807 | 48.2 |
| അസി.എഞ്ചിനീയർ | 108 | 61 | 55143892 | 20184603 | 36.6 |
| ഹെഡ്മാസ്റ്റർ | 3 | 3 | 1100000 | 1059480 | 96.3 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 1700000 | 1700000 | 100 |
| അസി.സെക്രട്ടറി | 12 | 8 | 2413094 | 1876678 | 77.7 |
| ആകെ | 243 | 165 | 192929179 | 69578277 | 36.06 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. 192929179 രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 69578277 രൂപയാണ് ചെലവഴിക്കാനായത്.

വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 36% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 108 പ്രോജക്ടുകളിൽ 61 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസി.എഞ്ചിനീയർക്ക് 36.6% തുക മാത്രമാണ് ചെലവഴിക്കാനായത്. മെയിന്റനൻസ്ഗ്രാന്റ് (റോഡ്) വിഭാഗത്തിൽ നിന്നും തൻവർഷം ചെലവഴിക്കാനാവാതെ നഷ്ടപ്പെടുത്തിയത് 11533771 രൂപയാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളുടെ മെയിന്റനൻസിനായി വിനിയോഗിക്കേണ്ടിയിരുന്ന തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് ഭരണസമിതിയും, എഞ്ചിനീയറിംഗ് വിഭാഗവും ഗൗരവത്തോടെ കാണേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം മുതൽ പ്രൈസ് 3 നടപ്പിലാക്കിയതിനാൽ ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്നതിനും , ടെണ്ടർ ക്ഷണിക്കുന്നതിനും എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 10% കൂടുതൽ ടെണ്ടർ എക്സസ്സ് അനുവദിക്കാമെന്ന് സർക്കാർ ഉത്തരവ് ഉണ്ടായിരുന്നിട്ടും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനും കാലതാമസം നേരിട്ടതിനാലും, പ്രവൃത്തി ആരംഭിക്കാൻ എഗ്രിമെന്റ് വച്ചത് മാർച്ച് അവസാനമായതിനാലും ഇപ്രകാരം ടാറിങ് പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടതിനാലും മെയിന്റനൻസ് ഫണ്ട് (റോഡ്) വിഭാഗത്തിൽ നിന്നും ഭീമമായ തുക ലാപ്സാവാനിടയായത്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല -1 കോടി 92 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

അസി.എഞ്ചിനീയർക്ക് പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 108 പ്രോജക്ടുകളിൽ 61 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും 1 കോടി 92 ലക്ഷം രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 2030667 |
| എസ് സിപി | 502886 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 11533771 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 1437223 |
| സിഎഫ് സി ഗ്രാന്റ് ടൈഡ് | 3770762 |
| ആകെ | 19275309 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ അവസ്ഥയും പതിനാലാം പഞ്ചവത്സരക്കാലയളവിൽ കൈവരിക്കാവുന്ന വികസന ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 135 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 782 കുടുംബങ്ങൾക്ക് 48338 ദിവസം

തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 316 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 293 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 210 പ്രവൃത്തികൾ പൂർത്തീകരിച്ചു. 48338 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 273 അയൽക്കൂട്ടങ്ങളിൽ 264 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തോടുകളുടെ പുനരുദ്ധാരണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മഴക്കുഴി നിർമ്മാണം എന്നിവയാണ് ടി വർഷം നടപ്പാക്കിയ പ്രവൃത്തികൾ. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 44211 | 553376 | 597587 | 8150 | 589437 |
| ഇ.എഫ്.എം.എസ് | 0 | 20196423 | 20196423 | 20196423 | 0 |
| ആകെ | 44211 | 20749799 | 20794010 | 20204573 | 589437 |

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 589437 ലക്ഷത്തിലധികം രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 4680 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 4456000 | 435 |
| വിധവാ പെൻഷൻ | 13626200 | 1216 |
| വാർദ്ധക്യകാല പെൻഷൻ | 35848800 | 3393 |
| വികലാംഗ പെൻഷൻ | 4146400 | 376 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 676800 | 60 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023 തീയതിയിൽ 3.15 പി എം-ന് അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7773/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. സെക്രട്ടറി ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നില്ല. 2021-22വർഷം ഡിമാന്റ് ചെയ്ത വസ്തുനികുതിയുടെ പിരിവ് 90%താഴെ ആയതിനാൽ 233,500രൂപ ഗ്രാമപഞ്ചായത്തിന്റെ 2022-23

വർഷത്തെ വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. വസ്തു നികുതി, വാടക എന്നീയിനങ്ങളിലെ വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല. കൂടാതെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വെച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം സർക്കാർ ഗ്രാന്റുകൾ പാഴാകുന്ന സ്ഥിതി വിശേഷവുമുണ്ട്.

വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. വായ്പാരജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയും കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/08/2021 | 04/2021 – 06/2021 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/01/2014- 06/02/2014 | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ(എച്ച്.ക്യു)/II /8/2223/322/ 05/2015 തീയതി 02/01/2015 |

## 1-11 ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നു

വിവിധ സേവനങ്ങൾക്കും നികുതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 36821923189 നം. എസ്.ബി.ഐ അക്കൗണ്ടിലേക്കാണ് ലഭ്യമാകുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം രണ്ട് മുതൽ മൂന്ന് മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നത് എന്ന് പരിശോധനയിൽ അറിയുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് ട്രേസ് ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. ലഭ്യമായ രേഖകൾ പ്രകാരം ഓഡിറ്റ് വർഷം 31.3.23 ൽ 228604 രൂപ ഈയിനത്തിൽ അക്കൗണ്ടിൽ ക്രെഡിറ്റാകാൻ അവശേഷിക്കുന്നുണ്ട് (നിലവിൽ തുക ലഭ്യമായിട്ടുണ്ട്). ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിന് പഞ്ചായത്ത് വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി കുടിശിക-വികസന ഫണ്ട് വിഹിതം കുറവ് ചെയ്തു

1. പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക ബി15 ഷെഡ്യൂൾ പ്രകാരം 31.3.23 തീയതി വരെ വസ്തുനികുതിയിനത്തിൽ 21.33 ലക്ഷം രൂപ കുടിശിക പിരിച്ചെടുക്കാനുണ്ടെന്ന് കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക(ബാലൻസ് ഷീറ്റ് B15 പ്രകാരം) |
|---|---|
| റെസിഡൻഷ്യൽ (കറന്റ്) | 484544 |
| റെസിഡൻഷ്യൽ (അരിയർ) | 698383 |
| നോൺ റെസിഡൻഷ്യൽ (കറന്റ്) | 319101 |
| നോൺ റെസിഡൻഷ്യൽ (അരിയർ) | 631290 |

വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/22.8.23) മറുപടി ലഭിച്ചില്ല. വസ്തുനികുതി പിരിവ് 90 ശതമാനത്തിന് മുകളിൽ കൈവരിക്കാത്തതിനാൽ ലഭ്യമായ വികസനഫണ്ട് വിഹിതത്തിൽ നിന്നും 1% തുക (233500/-)നഷ്ടമായി. 2021-22 വർഷം വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെ കൊടുത്തിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശികയാണെന്ന് പരിശോധനയിൽ കാണുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമ | കുടിശിക വർഷം | കുടിശിക തുക |
|---|---|---|---|---|
| 1 | 7/431എ | ഐഡിയ | 2022-23 | 66240 |
| 2 | 13/41 A | ഇൻഡസ് | 2022-23 | 28622 |
| 3 | 13/589 G | ഇൻഡസ് | 2022-23 | 10119 |
| 4 | 14/389 എ | വയർലെസ് ടിടി ഇൻഫോ സർവീസ് | 2013-14 മുതൽ 2022-23 വരെ | 85782 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/22.8.23) മറുപടി ലഭ്യമായില്ല. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

2022-23 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട 8/18 A, B അനുഗ്രഹ ബ്രിക്ക്സ് എന്ന കെട്ടിടം ഇതരവ്യവസായം എന്ന ഗണത്തിൽപ്പെട്ടുത്താവുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നവയാണെന്ന് ഫയലും പ്ലാനും പിസിബി സർട്ടിഫിക്കറ്റും പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു. ശ്രീ സ്കറിയ പുന്നമറ്റത്തിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടങ്ങൾക്ക്

97.34, 37.15 ച.മീ. വിസ്തീർണ്ണമാണുള്ളത്. ഇതരവ്യവസായം എന്ന ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50 രൂപ നികുതി നിർണ്ണയിക്കാവുന്ന കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന രേഖപ്പെടുത്തി ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൃത്യമായ ഉപയോഗക്രമം കണക്കാക്കാതെ നികുതി നിർണ്ണയിച്ചതിനാൽ നികുതി നിർണ്ണയത്തിൽ അപാകത സംബന്ധിച്ചത് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/22.8.23) സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ആവശ്യമായ പരിശോധനകൾ നടത്തി നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു

ശ്രീ വർഗീസ് ഫിലിപ്പ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് 6-ാം വാർഡിലെ 126/A, B (യഥാക്രമം25.16, 77.37 ച.മീ. വിസ്തീർണ്ണം) കെട്ടിടങ്ങൾ ഒരേ കെട്ടിടത്തിലെ 2 ഷട്ടർ മുറികൾ ആണെന്ന് സഞ്ചയ വസ്തുനികുതി മൊഡ്യൂളിലും പ്ലാനിലും കാണുന്നു. ആകെ വിസ്തീർണ്ണം 102. 53ച.മീ ആയി കണക്കാക്കി വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിലുൾപ്പെടുത്തി നികുതി നിരക്കായ 50/- രൂപ കണക്കാക്കുന്നതിന് പകരം ഇരു മുറികളെയും വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിലുൾപ്പെടുത്തി 30/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത് .

വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/22.8.23) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ആവശ്യമായ പരിശോധനകൾ നടത്തി നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വഴിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചതിലെ അപാകതകൾ

1. ശ്രീ ജിബു ജോർജ് കൊച്ചുപറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 10/81 A എന്ന 76.9 ച.മീ.വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടിയ കറ്റുവട്ടിയ്ക്കൽ അരീപറമ്പ് അമ്പലം റോഡ് എന്ന രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്രവേശനം 5 മീറ്ററിൽ കൂടുതലുള്ള പിഡബ്ല്യഡി റോഡിൽ നിന്നാണെന്ന് കാണുന്നു. ആയത് പ്രകാരം 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നെങ്കിലും ആയത് വരുത്തിയിട്ടില്ല.

2. ശ്രീ പി.എസ്. ചന്ദ്രമഹിള എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 20/157D, E, F, G എന്ന 358.63 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യം/വാണിജ്യാവശ്യത്തിനുള്ള എന്ന ഗണത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടിയ ആറുമാനൂർ ഷാപ്പുംപടി ആറ്റുതീരം റോഡ് എന്ന രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ ഒരു വശത്ത് 5 മീറ്ററിൽകൂടുതലുള്ള ഏറ്റുമാനൂർ-ആറുമാനൂർ-അയർക്കുന്നം പിഡബ്ള്യുഡി റോഡ് ആണെന്നു കാണുന്നു. ഇതു പ്രകാരമുള്ള 20% വർദ്ധനവ് വസ്കുനികുതിയിൽ ഉൾപ്പെടുത്തേണ്ടിയിരുന്നു എന്നാൽ ആയത് വരുത്തിയിട്ടില്ല.

3. ശ്രീ സി.കെ.രഘു എന്ന വ്യക്തിയുടെ 15/73 H, I എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽപ്പെട്ട 276.47 ച.മീ., 626.06 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടിയ തിരുവഞ്ചൂർ അയർക്കുന്നം റോഡ് എന്നാണ് ചേർത്തിട്ടുള്ളതെന്ന് കാണുന്നു. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഇരുവശങ്ങളിലും 5 മീറ്ററിൽകൂടുതലുള്ള വഴികളാണുള്ളതെന്ന് കാണുന്നു. കെട്ടിടത്തിന് ബാധകമായ 20% വർദ്ധനവ് വസ്കുനികുതിയിൽ ഉൾപ്പെടുത്തേണ്ടിയിരുന്നു എന്നാൽ ആയത് വരുത്തിയിട്ടില്ല.

വസ്തുനികുതി നിർണയത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/22.8.23) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ആവശ്യമായ പരിശോധനകൾ നടത്തി നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 78 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയാണ് ഈടാക്കിയത്. തൻവർഷം ആകെ 14.70 ലക്ഷം രൂപയാണ് ജീവനക്കാരുടെ തൊഴിൽ നികുതി വരുമാനം ലഭിച്ചത്. എന്നാൽ മുൻവർഷം പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വില്ലേജ് ഓഫീസ് |
| 2 | വെറ്ററിനറി ഹോസ്പിറ്റൽ |
| 3 | തുടർവിദ്യാ കേന്ദ്രം |
| 4 | കാനറാ ബാങ്ക് അയർക്കുന്നം |
| 5 | ധനലക്ഷ്മി ബാങ്ക് അയർക്കുന്നം |
| 6 | കെഎസ്എഫ് ഇ അയർക്കുന്നം |
| 7 | ജില്ലാ അർബൻ കോപ്പറേറ്റീവ് ബാങ്ക് അയർക്കുന്നം |
| 8 | കൊശമറ്റം ഒറവയ്ക്കൽ |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് അയർക്കുന്നം |
| 10 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് അയർക്കുന്നം |
| 11 | സിഎംഎസ് എൽപിഎസ് അമയന്നൂർ |
| 12 | സെന്റ് തോമസ് എൽപിഎസ് അമയന്നൂർ |
| 13 | കെഎസ്ഇബി അയർക്കുന്നം |
| 14 | മോഡേൺ ക്ലിനിക് & ലാബ് |
| 15 | ഡിഡിആർസി അയർക്കുന്നം |
| 16 | സപ്ലൈക്കോ അയർക്കുന്നം |
| 17 | അരങ്ങത്ത് അക്വാമിനറൽസ് |
| 18 | റിലയൻസ് റീറ്റെയ്ൽ |
| 19 | അക്ഷയ അമയന്നൂർ |
| 20 | പൊതുവിതരണ കേന്ദ്രങ്ങൾ |
| 21 | വല്യാലിൽ ഫ്യൂവൽസ് |
| 22 | വാതപ്പള്ളിൽ ഫ്യൂവൽസ് |
| 23 | തെക്കനാട്ട് ഫ്യൂവൽസ് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/23.8.23) രസീതുകൾ പരിശോധിച്ച് അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തൊഴിൽ നികുതി രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. കൃത്യമായ ഡിസിബി പത്രിക

രജിസ്റ്ററിനോടൊപ്പം സമർപ്പിച്ചിട്ടില്ല. പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തൊഴിൽ നികുതി നേരിട്ട് അടവാക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയുടെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചുറപ്പാക്കുന്നില്ലെന്ന് കാണുന്നു. അപാകതകൾ പരിഹരിച്ച് തൊഴിൽ നികുതി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ 2022-23 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കാത്ത പക്ഷം നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അർദ്ധവാർഷിക ടോണോവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കാനറാ ബാങ്ക് അയർക്കുന്നം |
| 2 | ധനലക്ഷ്മി ബാങ്ക് അയർക്കുന്നം |
| 3 | കെഎസ്എഫ് ഇ അയർക്കുന്നം |
| 4 | ജില്ലാ അർബൻ കോപ്പറേറ്റീവ് ബാങ്ക് അയർക്കുന്നം |
| 5 | കൊശമറ്റം ഒറവയ്ക്കൽ |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് അയർക്കുന്നം |
| 7 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് അയർക്കുന്നം |
| 8 | കെഎസ്ഇബി അയർക്കുന്നം |
| 9 | മോഡേൺ ക്ലിനിക് & ലാബ് |
| 10 | ഡിഡിആർസി അയർക്കുന്നം |
| 11 | സപ്ലൈക്കോ അയർക്കുന്നം |
| 12 | അരങ്ങത്ത് അക്വാമിനറൽസ് |
| 13 | റിലയൻസ് റീറ്റെയ്ൽ |
| 14 | അക്ഷയ അമയന്നൂർ |
| 15 | പൊതുവിതരണ കേന്ദ്രങ്ങൾ |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണത്തിന് (34/23.8.23) രസീതുകൾ പരിശോധിച്ച് മറുപടി നൽകുന്നതാണെന്ന് അറിയിച്ചു. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത പക്ഷം നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വാടക വരവ് - അപാകതകൾ

വാടക രജിസ്റ്ററിലെ 2022-23 ഡി സി ബി കണക്കുകൾ പ്രകാരം 177819 രൂപ തൻവർഷ കുടിശ്ശികയുണ്ട്. എന്നാൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിസിബി കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക 87012 രൂപയാണ്. 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം വാടക നിക്ഷേപമിനത്തിൽ 3293 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. വാടക രജിസ്റ്ററിൽ നിക്ഷേപത്തുക സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മതിയായ നിക്ഷേപത്തുക സ്വീകരിക്കാതെയാണ് മുറികൾ വാടകയ്ക്ക് നൽകുന്നതെന്ന് കാണുന്നു. വാടക സംബന്ധിച്ച് ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറികൾക്ക് (9/22.08.2023, 13/22.08.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികത്തുകയുടെ കൃത്യത ഉറപ്പുവരുത്തി ഈടാക്കേണ്ടതാണ്. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ മതിയായ നിക്ഷേപത്തുക സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

1-19 ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - ലേലനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാൻഡുകൾ)ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം സ്റ്റാൻഡിൽ കൂടി കടന്നു പോകുന്ന ബസ്സുകൾക്ക് പാർക്ക് ചെയ്യാൻ മതിയാവുന്നത്ര സ്ഥലസൗകര്യവും, ആവശ്യമെങ്കിൽ ബസ് എത്തിച്ചേരുന്നതും പുറപ്പെടുന്നതും അറിയിക്കുന്ന പൊതു അനൗൺസ്മെന്റ് സിസ്റ്റം പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത അവകാശം കൈമാറുന്നതിനായി ഗ്രാമപഞ്ചായത്ത് പൊതുജനങ്ങളിൽ നിന്ന് ക്വൊട്ടേഷൻ ക്ഷണിക്കേണ്ടതും പഞ്ചായത്ത് ചുമത്താവുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് നൽകിക്കൊണ്ട് അപ്രകാരമുള്ള അവകാശങ്ങൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം ബസ് സ്റ്റാൻഡ് ഫീസ് ഇനത്തിൽ വരവുള്ളതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.08.2023) മറുപടി ലഭ്യമാക്കിയില്ല. ലേലനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 FACTEOS ലൈസൻസ് - അപാകതകൾ

1.പഞ്ചായത്തിന്റെ FACTEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വ്യക്തിയുടെ പേര് |
|---|---|---|
| 1 | 326 | പി ജെ ഗോപി |
| 2 | 569 | കെ കെ തോമസ് |
| 3 | 323 | ജോമോൻ ജോസഫ് |
| 4 | 567 | കെ ജി രാജു |
| 5 | 568 | ബിജു തോമസ് |

2.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ 2022-23 വർഷങ്ങളിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ക്ഷീരോത്പാദന സഹകരണസംഘങ്ങൾ |
| 2 | കള്ളുഷാപ്പുകൾ |
| 3 | റേഷൻ കടകൾ |

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/22.08.2023) മറുപടി ലഭ്യമാക്കിയില്ല.സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-21 അധിക വിഭവ സമാഹരണം-അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ

കാര്യക്ഷമതക്ക് പ്രാധാന്യം നൽകി പരിശോധന നടത്തിയതിൻ പ്രകാരം കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നതിലും ആയത് നടപ്പിലാക്കുന്നതിനും ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി കാര്യമായി ഇടപെടൽ നടത്തിയിട്ടില്ലെന്നു കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു. ബജറ്റ് നിർദേശ പ്രകാരമുള്ള തനതു വരവിനങ്ങൾ കുടിശികയില്ലാതെ പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി നിശ്ചിത ഇടവേളകളിൽ ഡിസിബി പുരോഗതി ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. എങ്കിലും നികുതി പിരിവ് പൂർണ്ണമാക്കാൻ സാധിച്ചിട്ടില്ല.

2. 22.03.2023ലെ ജി.ഒ.(എം.എസ് )നം .77/2023ൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശ പ്രകാരം 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ 25.7.2023 ലെ 12 -ാം നമ്പർ അജണ്ടയായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്ന് പറയുന്നുവെങ്കിലും മതിയായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. 1.4.2023 പ്രാബല്യത്തിൽ 5% നികുതി വർദ്ധനവ് സോഫ്റ്റ് വെയറിൽ പുതുക്കിയിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ വലിയ തുക കുടിശികയവശേഷിക്കുന്നുണ്ട്.

വസ്തുനികുതി പിരിവ് 90 ശതമാനത്തിന് മുകളിൽ കൈവരിക്കാത്തതിനാൽ തൻവർഷത്തെ ലഭ്യമായ വികസനഫണ്ട് വിഹിതത്തിൽ നിന്നും 1% തുക (233500/-)നഷ്ടമായിട്ടുണ്ട്.

3. തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ്കിലും ധാരാളം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതിയും ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കാണുന്നു. പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ നികുതിയിൽ നിന്നും ഒഴിവായി നിൽക്കുന്നുണ്ടെന്നു കാണുന്നു. കൃത്യമായ ഡേറ്റാ ബാങ്ക് ശേഖരിച്ച് പരമാവധി പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ലൈസൻസെടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് നിലവിലും സൂക്ഷിക്കുന്നില്ല.

5. വാടക പിരിവ് കാര്യക്ഷമമല്ല. ബസ് സ്റ്റാന്റ് ഫീസ് ഈടാക്കുന്നില്ല. പഞ്ചായത്ത് ഓഫീസിനു തൊട്ടുമുന്നിലുള്ള പാർക്കിംഗ് ഗ്രൗണ്ടിൽ നിന്നും വരവുകളൊന്നും ലഭിക്കുന്നില്ല. വാടക ഡെപ്പോസിറ്റ് വാടകക്കാരിൽ നിന്നും പിരിക്കുന്നില്ല.

തനതു വരുമാനം പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കണ്ടതാണ്.

1-22 ടിഷ്യൂ കൾച്ചർ വാഴതൈ വിതരണം - വികസനഫണ്ട് നഷ്ടമായി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് / നമ്പർ | ടിഷ്യൂ കൾച്ചർ വാഴതൈ വിതരണം - 264/22-23 |

| | |
|---|---|
| അടങ്കൽ,ഫണ്ടിനം | 347455 – വികസന ഫണ്ട് ജനറൽ |
| ചെലവ് | 347455 |
| ബിൽ നമ്പർ | 10/21.12.2022 |
| ക്ക്നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രോജക്റ്റ് ഫയലിൽ നടത്തിയ പരിശോധനയിൽ മേൽ പ്രോജക്റ്റ് പ്രകാരം തൻവർഷം വാഴതൈ വിതരണം ചെയ്തിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിലെ പ്രോജക്റ്റ് നം 111/21-22 - ടിഷ്യു കൾച്ചർ വാഴതൈ വിതരണം എന്ന പ്രോജക്റ്റിനായി 347455 രൂപ വാഴതൈ ലഭ്യമാക്കിയ വിഎഫ്പിസികെ, എറണാകുളം എന്ന സ്ഥാപനത്തിന് കൈമാറുന്നതിന് ട്രഷറി മുഖേന ബിൽ നൽകിയെങ്കിലും അക്കൗണ്ട് നമ്പറിലെ അപാകത മൂലം തുക സ്ഥാപനത്തിന് ക്രെഡിറ്റായിരുന്നില്ല. 2021-22 ചെലവ് പത്രിക, എസിആർ എന്നിവ പ്രകാരം മേൽ തുക പഞ്ചായത്തിന്റെ ചെലവായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. സബ് ട്രഷറി ഓഫീസർ അയർക്കുന്നത്തിന്റെ 27.08.2022ലെ എ3/239/2022 സർട്ടിഫിക്കറ്റ് പ്രകാരം 3604-00-2081-05-35-N-V എന്ന് ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ച പോയതായി അറിയിച്ചിട്ടുണ്ട്. മേൽ തുക നൽകുന്നതിനാണ് തൻവർഷം വീണ്ടും പ്രോജക്റ്റ് ആവിഷ്കരിച്ചത്. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/21.08.2023) ലഭ്യമാക്കിയ മറുപടിയിൽ വിഎഫ്പിസികെയ്ക്ക് തൻവർഷം തുക കൈമാറിയതുൾപ്പെടെയുള്ള വിശദാംശങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കി . നിലവിൽ ഒരു പ്രോജക്റ്റിനായിത്തന്നെ രണ്ട് തവണ ചെലവ് നടന്ന സാഹചര്യമാണുള്ളത്. ഇങ്ങനെ ചെലവ് ചെയ്യുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല. എന്നാൽ പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും അധികമായി ചെലവായ 347455 രൂപ തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വിഷയം ഭരണസമിതി പരിഗണിച്ച് നഷ്ടമായ വികസനഫണ്ട് തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് / നമ്പർ | കന്നുകുട്ടിപരിപാലനം - 264/22-23 |
| അടങ്കൽ, ഫണ്ടിനം | 750000 – വികസന ഫണ്ട് ജനറൽ |
| ചെലവ് | 750000 |
| ബിൽ നമ്പർ | 8/17.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടി പരിപാലനത്തിനായി 750000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാൽഫ് ഫീഡ് സബ്സിഡി ക്ക് കൈമാറിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22.08.23) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 750000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ തിരുവഞ്ചൂർ സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 27-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ 29.3.23 ൽ പരിശോധന നടത്തി അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന കാണുന്നു. സ്ഥല പരിശോധനയുടെ ഭാഗമായി പ്രസ്തുത അങ്കണവാടി സന്ദർശിച്ചപ്പോൾ നിലവിലും ഈ കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിക്കുന്നതെന്ന് കണ്ടു. പ്രവർത്തനയോഗ്യമല്ലെന്ന് സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടത്തിൽ നിലവിലും അങ്കണവാടി പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/22.8.23) നിലവിൽ പ്രസ്തുത അങ്കണവാടി വാടക കെട്ടിടത്തിലേക്ക് മാറ്റാൻ തീരുമാനമെടുത്തിട്ടുള്ളതാണെന്നും കെട്ടിടം എഇ സന്ദർശിച്ച് ഫിറ്റാണെന്ന് അറിയിച്ചിട്ടുള്ളതാണെന്നും അങ്കണവാടിയുടെ പ്രവർത്തനം ഉടനെ മാറ്റുമെന്നും അറിയിച്ചിട്ടുള്ളതാണ്. പ്രവർത്തനയോഗ്യമല്ലാത്തെ കെട്ടിടത്തിൽ നിന്നും അടിയന്തരമായി അങ്കണവാടി മാറ്റുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ആകെ 33 അങ്കണവാടികളിൽ 15 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 3 എണ്ണം വാടകരഹിതമായും 15 എണ്ണം വാടകയ്ക്കും പ്രവർത്തിക്കുന്നുണ്ട്. B4 ഷെഡ്യൂൾ പ്രകാരം 2268295 രൂപ ഐസിഡിഎസ് സെൻട്രൽ ഷെയറായി 31.3.23 ൽ ബാലൻസ് അവശേഷിക്കുന്നുണ്ട്. ഈ തുക സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് സാധ്യമാണോയെന്ന് പരിശോധിച്ച് ഭരണസമിതി ഉചിതമായ തീരുമാനമെടുക്കണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

## 1-25 പാലിയേറ്റീവ് പരിചരണ പദ്ധതി-മരുന്ന് പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (സിഎച്ച്സി) നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതി (പ്രോ.നം.33/23) പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങലിനായി ബിൽ നം. 17/22-23 തീ. 28.1.23, ബിൽ നം. 24/22-23 തീ. 31.3.23 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് യഥാക്രമം 200000/-, 69071/- രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ 51915/-, 69071/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. 120986 രൂപയുടെ മരുന്ന് നിലവിലും ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ കിട്ടാനവശേഷിയ്ക്കുന്ന മരുന്നുകളുടെ ചെലവ് തുകയായ 120986/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ഹോമിയോ ആശുപത്രിക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചില്ല.

| പ്രോജക്റ്റ് നം.പേര് | ചെലവ് | ബിൽ നം/തീയതി |
|---|---|---|
| ഹോമിയോ ആശുപത്രിയ്ക്ക് മരുന്നും കുപ്പികളും വാങ്ങൽ ( പ്രോ.നം.34/23 ) | മെയിന്റനൻസ് ഗ്രാന്റ്-150000 | 1/22-23 /7-10-22 |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം ആകെ 150000-രൂപ ഹോംകോയിൽ അടച്ചിട്ടുണ്ട്. ഇൻവോയിസ് നം. LF 632/24.7.23 പ്രകാരം 80972 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന തുകയായ 69028 രൂപയുടെ മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ കിട്ടാനവശേഷിയ്ക്കുന്ന മരുന്നുകളുടെ ചെലവ് തുകയായ 69028 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു

സ.ഉ.(എം.എസ്) നം.362/13 തീയതി 16-11-13 പ്രകാരം പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കും

അടിയന്തിര പ്രവൃത്തികൾക്കും പെറ്റി വർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചതിനുശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിക്ക് വക കൊള്ളിക്കേണ്ടത്. മുൻ സാമ്പത്തിക വർഷം പദ്ധതിക്ക വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷം പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ, അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പഞ്ചായത്തിന്റെ ഓഡിറ്റ് ചുമതലയുള്ള പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങിയിട്ടുണ്ടെങ്കിലും 2022-23 സാമ്പത്തിക വർഷം തനത് ഫണ്ടിനത്തിൽ വകയിരുത്തിയത് 23846575/- രൂപയാണ്. തനത് ഫണ്ടിൽ നിന്നും 7704425/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

22-23 സാമ്പത്തിക വർഷം 19260510 രൂപ സർക്കാർ ഗ്രാന്റിനത്തിൽ തുകകൾ ചെലവഴിയ്ക്കാൻ സാധിക്കാതെ ഗ്രാമപഞ്ചായത്തിന് നഷ്ടമായ സാഹചര്യം നിലനിൽക്കുമ്പോഴാണ് തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ നടപ്പിലാക്കിയത്. മറ്റ് സ്രോതസ്സുകളിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമായിരിക്കെ, അതുപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാതെ തനത്ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ വികസന പദ്ധതികൾക്കുവേണ്ടി തുക ചെലവഴിക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-28 പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2022-23 സാമ്പത്തിക വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 1024476/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 177 ടാപ്പുകൾക്ക് പ്രതിവർഷം 5788 രൂപ നിരക്കിലാണ് വെള്ളക്കരം അടവാക്കി വരുന്നത്. 23.6.2006 ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.9.2011 ലെ സർക്കാർ ഉത്തരവ് (സാധാ)നം.2242/എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 177 ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/22.8.23) മറുപടി ലഭ്യമാക്കിയില്ല. 20 വാർഡുകളിലെയും പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് 25.7.2023ലെ 9(1) -ാം നമ്പർ തീരുമാനിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിച്ചു. എത്രയും പെട്ടെന്ന് സംയുക്ത പരിശോധന പൂർത്തിയാക്കി പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-29 എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -അപാകതകൾ

| | |
|---|---|
| പ്രോജകട് | 192/23 |
| അടങ്കൽ | 585000(വികസനഫണ്ട് എസ് സി പി) |
| ചെലവ് | 585000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| ബിൽ നമ്പർ<br>1. 70/10.08.22 – 50000<br>2. 72/25.08.22 – 60000 | |

| |
|---|
| 3. 86/14.09.22 – 40000<br>4. 87/14.09.22 – 130000<br>5. 108/14.10.22 – 20000<br>6. 110/14.10.22 – 60000<br>7. 112/15.10.22 – 40000<br>8. 203/22.12.22 – 95000<br>9. 475/31.03.23 – 90000 |
| ആകെ – 585000/- |

1. സബ്സിഡിയിലധികരിച്ച് തുക നൽകി – 40000/- രൂപ നിരാകരിക്കുന്നു

സർക്കാർ ഉത്തരവ് (കൈ) 115/22/തസ്വഭവ/28/05/2022 ഖണ്ഡിക 7.2.4ൽ സംസ്ഥാനസർക്കാർ/കേന്ദ്രസർക്കാർ നടത്തുന്ന വിവിധ കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന സബ്സിഡിയുടെ പരമാവധി നിരക്കുകൾ വ്യക്തമാക്കുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് മേൽ പരാമർശിച്ചിട്ടുള്ള ബില്ലുകളിൽ ഉൾപ്പെട്ടിട്ടുള്ള ബിൽ നമ്പർ 86/14.09.22 പ്രകാരം പഠിക്കുന്ന കോഴ്സിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ 87/14.09.22 പ്രകാരം വീണ്ടും ഇതേ വിദ്യാർത്ഥികൾക്ക് തന്നെ തുക മാറി നൽകിയിട്ടുണ്ട്. രണ്ടു തവണ തുക മാറി നൽകിയതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡിയിലധികരിച്ച് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകാവുന്ന പരാമവധി സബ്സിഡി | നൽകിയത് | അധികം |
|---|---|---|---|---|
| അമൽപ്രസാദ്, കൊട്ടാരം പറമ്പിൽ, വാർഡ് 19 | പോളിടെക്നിക്ക്, | 20000 | 1)20000 (ബിൽ നമ്പർ 86/14.09.2022 തുക 40000)<br>2)20000 (ബിൽ നമ്പർ 87/14.09.2022 തുക 130000)<br>ആകെ 40000 | 20000 |
| മീനാക്ഷി ലൈജു,പാറേപറമ്പിൽ വാർഡ് 19 | നഴ്സിങ്ങ് | 20000 | 20000 (ബിൽ നമ്പർ 86/14.09.2022 തുക 40000)<br>2)20000 (ബിൽ നമ്പർ 87/14.09.2022 തുക 130000)<br>ആകെ 40000 | 20000 |

അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ

അന്വേഷണക്കുറിപ്പിന് (04/19.08.23) മറുപടി ലഭ്യമാക്കിയില്ല. വിഷയം എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ മുൻവർഷം ടി ഗുണഭോക്താക്കൾക്ക് തുക നൽകാഞ്ഞതിനാലാണ് ടി വർഷം രണ്ടു തവണ തുക നൽകിയതെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. സ്പിൽ ഓവർ പ്രോജക്ടിലുൾപ്പെടുത്താതെ തൻവർഷ പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ആയതിനാൽ അധികം ചെലവഴിച്ച 40000 രൂപ തുക കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വികസനഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

2. ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തതായി കാണുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്. പദ്ധതി ആനുകൂല്യം ലഭിച്ചവരെ ഗ്രാമസഭ തെരഞ്ഞെടുത്തതായി കാണുന്നില്ല. അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നും നടപടി തുടർഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതാണെന്നും എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചു.

3. ആനുകൂല്യം ലഭിച്ച പാർവ്വതി പി പവിത്രൻ, രേഷ്മ രാജു, സ്നേഹമോൾ ബിജു എന്നീ ഗുണഭോക്താക്കൾ 2022-23 വർഷം ബന്ധപ്പെട്ട കോഴ്സ് പഠിക്കുന്നു എന്ന സ്ഥാപനഅധികാരികളുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.
മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 585000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 വിനിയോഗമിച്ചംവന്ന തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചത് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

2018-19 മുതൽ 2020-21 വരെയുള്ള വാർഷികപദ്ധതിക്കാലയളവിൽ വിവിധ പ്രോജക്ടുകൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകയിൽ വിനിയോഗമിച്ചം വന്ന 353432/-രൂപ 03.06.2022 ൽ വാട്ടർ അതോറിറ്റി തിരികെ പഞ്ചായത്തിലടവാക്കിയിട്ടുണ്ട് ( Rt No- 1220100860) ടി തുക സർക്കാരിലേക്ക് തിരികെ അടവാക്കുകയോ പുനരുപയോഗിക്കുകയോ ചെയ്തതായി കാണുന്നില്ല. തുക നിലവിൽ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരികെ സർക്കാരിലേക്കടവാക്കുകയോ മറ്റുപദ്ധതികൾക്ക് പുനരുപയോഗിക്കുകയോ ചെയ്യുന്നതാണെന്ന് 24.08.2023 ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭ്യമാക്കി. മേൽ ഫണ്ട് ബാധകമായ ശീർഷകത്തിൽ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31 ആസ്തിസംരക്ഷണപദ്ധതി-തയ്യാറാക്കിയിട്ടില്ല

സ. ഉ. (കൈ) നം. 84/2022 ത.സ്വ.ഭ.വ തീയതി. 19-04-22 ഖണ്ഡിക 6.8 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010

ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ.(ആർ. ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റ്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. മാന്വൽ പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.23/22.8.23) മറുപടി ലഭ്യമാക്കിയില്ല. മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-32 റോഡ് റിസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ട് ചെയ്യുന്നതിന് റിലയൻസ് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പഞ്ചായത്തിൽ അപേക്ഷ നല്കി. ചപ്പാത്ത് നീറിക്കാട് റോഡിൽ 1500 M നീളത്തിൽ 45 സെ മീ. വീതിയിൽ കേബിൾ സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കി 4548892.5 രൂപ അടവാക്കിയിട്ടുണ്ട് . ചപ്പാത്ത് നീറിക്കാട് റോഡിൽ, 500 മീറ്റർ നീളം 45 സെ മീ വീതിയിൽ കോൺക്രീറ്റ് റോഡിനും, 500 മീറ്റർ നീളം 50 സെ മീ വീതിയിൽ ബേം കട്ടിംഗിനും 1000 മീറ്റർ നീളം 50 സെ മീ വീതിയിൽ ടാർ റോഡിനും റീസ്റ്റോറേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സ്ഥാപനത്തിൽ നിന്നും തുക ഡിമാന്റ് ചെയ്ത് ഇടാക്കിയിട്ടുള്ളത്. റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ് പുതുക്കിക്കൊണ്ടുള്ള PWD ചീഫ് എഞ്ചിനീയറുടെ 30-03 2019 ലെ CE/R&B/GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരം റിസ്റ്റൊറേഷൻ വീതി ട്രഞ്ചിന്റെ വീതിയുടെ 1.5 ഇരട്ടിയായിരിക്കണമെന്നും ടാറിംഗ് റോഡുകളുടെ റീസ്റ്റോറേഷൻ ചാർജ് കണക്കാക്കുമ്പോൾ മിനിമം വീതി 1 മീറ്റർ ആയിരിക്കണം എന്നും നിർദ്ദേശിക്കുന്നുണ്ട്. ടാർ റോഡുകളുടെ വീതി 1 മീറ്റർ കണക്കാക്കി തുക ഈടാക്കിയിട്ടുണ്ടെങ്കിലും കോൺക്രീറ്റ് റോഡുകൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കാതെ ട്രഞ്ച് വീതി മാത്രം പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ പഞ്ചായത്തിന് നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ര നം | ഇനം | ഈടാക്കേണ്ടിയിരുന്ന തുക | | |
|---|---|---|---|---|
| | | വീതി മീറ്റർ | ഏരിയ / തുക (സ്ക്വയർ മീറ്റർ/രൂപ) | ഈടാക്കേണ്ടിയിരുന്ന തുക രൂപ |
| 1 | കോൺ ക്രീറ്റ് റോഡ് പ്രതലം 500 Mtr | 0.675 | 337.5 @5473.44 | 1847286 |

| | | | | |
|---|---|---|---|---|
| 2 | ബേം കട്ടിംഗ് 500 Mtr | 0.5 | 250 @359.85 | 89962.5 |
| 3 | 20mm ചിപ്പിംഗ് കാർപറ്റ് 1000 Mtr | 1 | 1000@3090.57 | 3090570 |
| | ആകെ | | | 5027819 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/22.08.23) റെസ്റ്റോറേഷൻ തെറ്റായി കണക്കാക്കിയതാണെന്നും പ്രവൃത്തി നടന്നിട്ടില്ലാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്തിന് ലഭിക്കാനുള്ള 4,78,926/- രൂപ (5027819 – 4548893) ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-33 ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ്

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ക്രെഡിറ്റ് ചെയ്യുന്നതിന് SBI അയർക്കുന്നം ബ്രാഞ്ചിൽ (നമ്പർ 37731237436) ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നു. ഇ-ടെണ്ടർ ഫോറവില സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം. 1/18.08.23)യ്ക്ക് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ 2022-23ൽ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർഫാറവിലയായ 101898 രൂപ ടി വർഷം ക്രെഡിറ്റ് ചെയ്തിരുന്നു എന്ന് അറിയിച്ചു. മുൻ വർഷത്തെ തുകയുൾപ്പെടെ 385950 രൂപ ടി അക്കൗണ്ടിൽ ബാലൻസുണ്ട്(18/07/23ൽ). ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് നൽകേണ്ടതാണ്.

1-34 ഗവ.യു പി എസ് അറുമാനൂർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-ഭാഗികനിർമ്മാണത്തിന് രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി

| പ്രോജക്ട് | അടങ്കൽ | ചെലവ് | കരാറുകാരൻ |
|---|---|---|---|
| 47/23, ഗവ.യു പി എസ് അറുമാനൂർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 450000 തനത് ഫണ്ട് | 439677(ബിൽ നമ്പർ 6/19.05.22) | കെ ആർ പ്രദീപ് കുമാർ |
| 80/23 ഗവ.യു പി എസ് അറുമാനൂർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 600000 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 583341(ബിൽ നമ്പർ 154/25.11.22) | ദിൽകുഷ് വി റ്റി |
| ആകെ | | 1023018 | |

അറുമാനൂർ ഗവ.യു പി എസിന്റെ ഒന്നാം നിലയുടെ റൂഫ് കോൺക്രീറ്റ് ചെയ്യാൻ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യാഗസ്ഥനായി 21-22വർഷം രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി. നിലവിലുള്ള ഭിത്തി 40സെമീ ഉയർത്തി കോൺക്രീറ്റ് ചെയ്യാനുള്ള ഇനങ്ങളായിരുന്നു 47/23നമ്പർ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. സീലിങ്, ബാൽക്കണി ഭിത്തികൾ എന്നിവ പ്ലാസ്റ്ററിങ് നടത്തി പെയിന്റ് ചെയ്യുന്നതിനും വാതിലുകൾ ജനലുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള ഇനങ്ങളാണ് 80/23 നമ്പർ

പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ടി കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷന് ആവശ്യമുള്ള ഇനങ്ങൾ, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. ഇത്തരത്തിൽ ഭാഗിക നിർമ്മാണത്തിന് പ്രോജക്ടുകൾ തയ്യാറാക്കുന്നത് വഴി ആസ്തികളുടെ പ്രയോജനം ലഭിക്കാതെ പോകുന്നതിനിടയാകുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(31/23.08.23) മറുപടി ലഭ്യമാക്കിയില്ല. 22/08/23ൽ നടത്തിയ സ്ഥലപരിശോധനയിൽ കണക്ക്, സാമൂഹ്യ സയൻസ് എന്നിവയ്ക്ക് ലാബ് സ്ഥാപിക്കുന്നതിനാണ് കെട്ടിടം നിർമ്മിച്ചതെന്നും ഇലക്ട്രിഫിക്കേഷൻ നടത്താഞ്ഞതിനാൽ കെട്ടിടം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാൻ സാധിച്ചില്ലെന്ന് സ്കൂൾ എച്ച് എം അറിയിച്ചു. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ 1023018 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെട്ടിടം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-35 പഞ്ചായത്ത് ഓഫീസ് പാർക്കിങ്ങ് ഗ്രൗണ്ട് വിശ്രമകേന്ദ്രം -ആവശ്യകത വ്യക്തമല്ല

| | |
|---|---|
| പ്രോജക്ട് | 84/23 |
| അടങ്കൽ | 400000 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 399839 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | 73/29.08.22 |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് മുകൾ ഭാഗം ട്രസ് വർക്ക് ചെയ്ത് വിശ്രമകേന്ദ്രം ആക്കുന്നതിന് 399839 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഇല്ല. വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ പ്രസ്തുത പ്രോജക്ട് ഉൾപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് മുകൾ ഭാഗത്ത് വിശ്രമ കേന്ദ്രം സജ്ജമാക്കാൻ പ്രോജക്ട് ആവിഷ്കരിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(30/22.08.23) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ 399839 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 അങ്കണവാടി മെയിന്റനൻസ്-പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 51/23, പത്താം നമ്പർ അങ്കണവാടി മെയിന്റനൻസ് |
| അടങ്കൽ | 350000-മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |

| | |
|---|---|
| ചെലവ് | 346949 |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

ഗ്രാമപഞ്ചായത്തിന്റെ പത്താം വാർഡിലെ അങ്കണവാടിയുടെ മേൽക്കൂര മാറ്റി മെയിന്റനൻസ് നടത്തുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഒന്നാം ഇനമായി ആസ്ബെറ്റോസ് ഷീറ്റ്, ജി ഐ സെക്ഷനുകൾ സോളിഡ് ബ്ലോക്കുകൾ എന്നിവ പൊളിച്ചെടുത്തിട്ടുണ്ട് . ടി ഇനങ്ങളുടെ മൂല്യം 28175 രൂപ നിർണ്ണയിച്ച് അസിസ്റ്റന്റ് എഞ്ചിനിയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് ലേലം ചെയ്യണമെന്നാവശ്യപ്പെട്ടു 29/06/22ൽ സെക്രട്ടറിക്ക് കൈമാറിയിതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഇനങ്ങൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(26/22.08.23) സർവ്വേ റിപ്പോർട്ട് സെക്രട്ടറിക്ക് കൈമാറിയിരുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കി. എന്നാൽ ടി വിഷയത്തിൽ സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. നാളിതു വരെ ലേലനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ വസ്തുക്കൾ ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-37 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 70/23 |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവ് | 874873 |

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി ഒരു പൊതു ടോയ്ലെറ്റ് പുതുതായി നിർമ്മിക്കുന്നതിനും 4 പൊതു ടോയ്ലെറ്റുകൾ നവീകരണം നടത്തുന്നതിനുമാണ് 20-21 വർഷം പ്രോജക്ട് തയ്യാറാക്കിയത്. 2021-22 വർഷം പ്രോജക്ടിനായി 854996 രൂപയും 2022-23 വർഷം 874873 രൂപയും ചെലവഴിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തിനോട് ചേർന്ന് നിർമ്മിച്ച ടോയ് ലെറ്റ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിലവിൽ ഉപയോഗപ്പെടുത്താൻ തുടങ്ങിയിട്ടില്ല. കൂടാതെ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി നവീകരണം നടത്തിയ ടാക്സി സ്റ്റാൻഡിലെ ടോയ്ലെറ്റുകളും നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല. ആസ്തികൾ നാളിതുവരെ പ്രയോജനപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(25/22.08.23) ഇൻസിനറേറ്റർ, നാപ്കിൻ വെൻഡിങ്ങ് മെഷീൻ എന്നിവ സ്ഥാപിക്കൽ പ്രവർത്തികൾ അവശേഷിക്കുന്നുവെന്നും ആയത് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൃത്യമായ മുന്നൊരുക്കമില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കിയതിനാലാണ് നാളിതുവരെ പ്രോജക്ട് പൂർത്തീകരിച്ച് പ്രയോജനപ്പെടുത്താൻ സാധിക്കാത്തത്. തുടർനടപടികൾ സ്വീകരിച്ച് ടോയ്ലെറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്.

## 1-38 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണ്ടതാണമെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (27/22.08.23) തുക അടവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 162654രൂപ ഇത്തരത്തിൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക സർക്കാരിലേക്ക് തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-39 ബോട്ടിൽ ബൂത്ത് നിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് | 272/23, അയർക്കുന്നം ബസ് സ്റ്റാന്റിൽ ബോട്ടിൽ ബൂത്ത് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 20000, വികസനഫണ്ട് പൊതു വിഭാഗം |
| ചെലവ് | 187162<br>ബിൽ നമ്പർ 467/29.03.23 |

വേസ്റ്റ് മാനേജ് മെന്റിന്റെ ഭാഗമായി അയർക്കുന്നം ബസ് സ്റ്റാൻഡിലെ വിവിധ കടകളിൽ നിന്നുമുള്ള പ്ലാസ്റ്റിക്ക് കുപ്പികൾ സംഭരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയായിരുന്നു പ്രോജക്ട് ലക്ഷ്യം. ബസ് സ്റ്റാന്റിൽ മൂന്ന് പെറ്റ് ബോട്ടിൽ കാരിയറും ബോട്ടിൽ ബൂത്തും നിർമ്മിക്കുന്നതിനായി 187162 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ സ്റ്റാൻഡിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ക്യാരിയറിൽ പ്ലാസ്റ്റിക്ക് കുപ്പികൾ ശേഖരിക്കുന്നില്ല. നിലവിൽ പ്ലാസ്റ്റിക്ക് മാലിന്യം കൂട്ടിയിട്ട നിലയിലാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(24/22.08.2023) പ്രവൃത്തി പൂർത്തിയാക്കി സെക്രട്ടറിക്ക് കൈമാറിയിരുന്നുവെന്നും പരിപാലനത്തിന് വി ഇ ഒ/ കുടുബശ്രീയെ ഏൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണെന്നും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-40 റോഡ് കണക്ടിവിറ്റി മാപ്പ്- തയ്യാറാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | 88/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 60000 തനത് |

| | |
|---|---|
| | ഫമണ്ട് |
| ചെലവ് | 40000, ബിൽ നമ്പർ 416/26.03.23 |

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി:19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു പ്രോജക്ടും മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം പ്രോജക്ട് തയ്യാറാക്കി 20 വാർഡുകളിലെ മാപ്പിങ്ങ് പൂർത്തിയാക്കിയതിന് ശ്രീ ജയകൃഷ്ണൻ പി യ്ക്ക് 40000രൂപ നൽകിയിട്ടുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേക്ഷണക്കുറിപ്പിന്(21/22.08.23) നിലവിൽ R Track ആപ്ലിക്കേഷനിൽ വിവിധ റോഡുകളുടെ മാപ്പിങ്ങ് മാത്രമാണ് പൂർത്തിയായതെന്നും വേരിഫിക്കേഷൻ നടപടികൾ കൂടി പൂർത്തിയായാലേ മാപ്പിങ്ങ് പൂർത്തിയാകൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ പൂർത്തിയാകുന്നതു വരെ 40000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ചെലവ് രേഖകൾ കൃത്യമല്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 05/21 മുതൽ 12/2021 വരെ പഞ്ചായത്തിലെ കോവിഡ് രോഗികളെ വിവിധ സി.എഫ്.എൽ.റ്റി.സിയിലേക്കും ഡി.സി.സിയിലേക്കും ആശുപത്രികളിലേക്കും കൊണ്ടുപോകുന്നതിനായി മൂന്നാം വാർഡ് മെമ്പർ ശ്രീ.റ്റോംസി ജോസഫ് സൗജന്യമായി വിട്ടു നൽകിയ KL-05 - AL-4672 എന്ന നമ്പരിലുള്ള ആംബുലൻസിന്റെ(ഒമ്നി) മെയിന്റനൻസ് തുക ഇനത്തിൽ 27330 രൂപ ചെക്ക് നമ്പർ 120750/27.05.22 പ്രകാരം ശ്രീ.ജസ്റ്റിൻ ജോസഫ്, ഒഴുകയിൽ, കോങ്ങാണ്ടൂരിന് നൽകിയിട്ടുണ്ട്. സ്റ്റാർ ഓട്ടോ സ്റ്റാൻ, കോയിക്കൽ ബിൽഡിംഗ്, ചേർപ്പുങ്കൽ എന്ന സ്ഥാപനത്തിൽ ആംബുലൻസ് മെയിന്റനൻസ് നടത്തിയതിന്റെ ബില്ലാണ് ടിയാൻ സമർപ്പിച്ചിരിക്കുന്നത്. ഇൻവോയിസ് നമ്പർ, തീയതി, ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത ബില്ലുകൾ ചെലവുകൾക്കാധാരമായി സമർപ്പിച്ചത് ക്രമപ്രകാരമല്ലായെന്നത് സംബന്ധിച്ചും കോവിഡ് പ്രവർത്തനങ്ങൾക്കായി ടി ആംബുലൻസ് ഉപയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.08/21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആംബുലൻസ് ഉപയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ മെഡിക്കൽ ഓഫീസറോ സെക്രട്ടറിയോ സെക്ഷൻ ക്ലർക്കോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചെലവ് രേഖകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി കാലയളവിൽ തന്നെയോണോ മെയിന്റനൻസ് നടത്തിയതെന്ന് വ്യക്തമല്ല. ചെലവുകൾക്കാധാരമായ രേഖകൾ ആധികാരികമാണെന്ന് അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

## 1-42 ആശ്രയപദ്ധതി - വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പൂർത്തീകരിക്കാനവശേഷിക്കുന്നു.

| പ്രോജക്ട് നമ്പർ | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|
| 248/2022-23 | വികസനഫണ്ട് | 500000 | 482213 |
| | തനത് ഫണ്ട് | 500000 | 0 |

| | | | |
|---|---|---|---|
| | ആകെ | 1000000 | 482213 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ആശ്രയ പദ്ധതി - വാസയോഗ്യമല്ലാത്ത വീട്ടുകൾ വാസയോഗ്യമാക്കൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 9-ാം വാർഡിലെ ദാമോദരൻ എം, നെട്ടുംപറമ്പിൽ വടക്കേതിൽ, അമയന്നൂർ എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 276/02.02.23 പ്രകാരം 50000 രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/23.08.23) ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് . സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി ആവിഷ്കരിച്ച പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് ഭരണസമിതി തലത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 വിനിയോഗ വിവരം ലഭ്യമല്ല

വൗച്ചർ പരിശോധനയിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പരും തീയതിയും | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200941/ 08.03.23 | 10000 | കെ.എസ്.ഇ.ബി കുറോപ്പട ഇലക്ട്രിക്ക് സെക്ഷനിൽ നൽകുന്നതിനായി വാർഡ് 10 ലെ പള്ളിക്കുന്ന് -വള്ളിക്കാട് കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിയ്ക്ക് ചെക്ക് നമ്പർ. 127710/08.03.23 പ്രകാരം നൽകി. |
| 2 | 22201023/ 29.03.23 | 10000 | 14-ാം വാർഡിൽ പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി അയർക്കുന്നം ഇലക്ട്രിക്ക് സെക്ഷന് ചെക്ക് നമ്പർ. 127742/29.03.23 പ്രകാരം നൽകി. |

ടി പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവ് തുക 20000 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-44 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു

1. മുൻവർഷങ്ങളിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് | കൈപ്പറ്റിയ തുക | കരാറിലേർപ്പെട്ട വർഷം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കുമാരി രാജു<br>വയലിൽ<br>കൊങ്ങാണ്ടൂർ | 5 | 360000 | 2019-20 |
| 2 | കെ.ജി.ഓമനക്കുട്ടൻ<br>പുലിപ്പുറംകുന്നേൽ | 3 | 40000 | 2020-21 |
| 3 | രാഹുൽ.കെ.രാജു<br>ചെറുകാട്ടേൽ<br>കല്ലുംപള്ളിൽ<br>തിരുവഞ്ചൂർ | 19 | 200000 | 2021 -22 |

2. 2022 -23 സാമ്പത്തിക വർഷത്തിൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഓമന ഹരിദാസ്<br>പടിയരപ്പറമ്പിൽ<br>തിരുവഞ്ചൂർ | 5 | 27/2/23 -40000 |
| 2 | ബിജു തങ്കച്ചൻ<br>ചിറയിൽ പടിക്കൽ<br>അമയന്നൂർ | 13 | 8.07.22 – 40000<br>07.10.22 – 160000 |
| 3 | സ്മിതമോൾ എൻ.ജി<br>ചിറയിൽ പടിക്കൽ<br>അമയന്നൂർ | 13 | 08.07.22 – 40000<br>12.10.22 - 160000 |
| 4 | ശ്യാമള സി.കെ<br>മേലാട്ട് കുന്നേൽ<br>മണർകാട് | 10 | 24.11.22 - 40000 |
| 5 | മോളിക്കുട്ടി മാത്യു<br>വാണിയപുരയ്ക്കൽ<br>തിരുവഞ്ചൂർ | 16 | 02.02.23 – 40000<br>25.02.23 – 160000<br>28.04.23 - 100000 |
| 6 | കമലാക്ഷി .കെ<br>മുട്ടപ്പള്ളിൽ<br>അയർക്കുന്നം | 10 | 20.02.23 – 40000<br>18.03.23 – 160000 |

| | | | |
|---|---|---|---|
| | | | 30.06.23 -<br>100000 |
| 7 | ശോഭന ജയചന്ദ്രപ്രസാദ്<br>പീടികപറമ്പിൽ<br>അമയന്നൂർ | 17 | 13.03.23 -<br>40000<br>11.05.23 -<br>160000 |
| 8 | ആതിരമോൾ എം.ബി<br>നാരകത്തിനാംകുഴിയിൽ<br>അമയന്നൂർ | 15 | 07.02.23 -<br>40000<br>17.06.23 -<br>100000 |
| 9 | കണ്ണൻ വി.കെ<br>വലിയകാലായിൽ<br>തിരുവഞ്ചൂർ | 16 | 07.02.23 -<br>40000<br>13.03.23 -<br>160000<br>28.04.23 -<br>100000 |
| 10 | സുനിൽ പി.വി<br>പിച്ചകശ്ശേരിമാലിയിൽ<br>തിരുവഞ്ചൂർ | 16 | 07.02.23 -<br>40000 |
| 11 | ഗോപാലകൃഷ്ണൻ പി.കെ<br>തൈപ്പടവിൽ<br>അമയന്നൂർ | 9 | 07.02.23 -<br>40000<br>28.04.23 -<br>160000 |
| 12 | ദിലീപ് കുമാർ<br>വേലിക്കുന്നേൽ<br>നീറിക്കാട് | 19 | 07.02.23 -<br>40000<br>28.04.23 -<br>160000 |
| 13 | മധു.ബി<br>കളക്കാട്ടിൽ<br>തിരുവഞ്ചൂർ | 15 | 07.02.23 -<br>40000<br>28.04.23 -<br>160000<br>24.07.23 -<br>100000 |
| 14 | മധു.എം.എസ്<br>മരുതൂർമറ്റം<br>കൊങ്ങാണ്ടൂർ | 3 | 07.02.23 -<br>40000 |
| 15 | ജിനീഷ് കുമാർ.എം.ജി<br>മംഗലത്ത് | 1 | 23.02.23 -<br>40000 |

| | | | |
|---|---|---|---|
| | ആറുമാനൂർ | | 13.03.23 – 147389<br>28.04.23 – 112611 |
| 16 | ശിവൻ .എൻ.കെ<br>നിരപ്പേൽ<br>അമയന്നൂർ | 10 | 07.02.23 – 40000<br>28.04.23 – 160000 |
| 17 | സുലോചന.കെ.കെ<br>കരിക്കാട്ടിൽ<br>പുന്നത്തുറ | 2 | 07.02.23 – 40000 |
| 18 | ബേബി.കെ.ആർ<br>തേവലത്തുരുത്തേൽ<br>അറുമാനൂർ | 3 | 07.02.23 – 40000<br>28.04.23 – 160000<br>30.06.23 – 100000 |
| 19 | ബിജു.പി.എൻ<br>പൊടിമറ്റത്തിൽ<br>അമയന്നൂർ | 9 | 07.02.23 – 40000<br>28.04.23 – 160000<br>30.06.23 – 100000 |
| 20 | രേഷ്മ<br>കടപ്ലാക്കൽ<br>കൊങ്ങാണ്ടൂർ | 5 | 23.02.23 – 40000<br>28.04.23 – 160000<br>29.07.23 – 100000 |
| 21 | വിനോദ്.റ്റി.പി<br>തെക്കേമുറിയിൽ<br>അറുമാനൂർ | 7 | 13.03.23 – 40000<br>28.04.23 – 160000<br>26.05.23 – 100000 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -അപാകതകൾ

| | |
|---|---|
| പ്രോജകട് | 192/23 |
| അടങ്കൽ | 585000(വികസനഫണ്ട് എസ് സി പി) |
| ചെലവ് | 585000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| ബിൽ നമ്പർ<br>1. 70/10.08.22 – 50000<br>2. 72/25.08.22 – 60000<br>3. 86/14.09.22 – 40000<br>4. 87/14.09.22 – 130000<br>5. 108/14.10.22 – 20000<br>6. 110/14.10.22 – 60000<br>7. 112/15.10.22 – 40000<br>8. 203/22.12.22 – 95000<br>9. 475/31.03.23 – 90000 | |

1. സബ്സിഡിയിലധികരിച്ച് തുക നൽകി – 40000/- രൂപ നിരാകരിക്കുന്നു

സർക്കാർ ഉത്തരവ് (കൈ) 115/22/തസ്വഭവ/28/05/2022 ഖണ്ഡിക 7.2.4ൽ സംസ്ഥാനസർക്കാർ/കേന്ദ്രസർക്കാർ നടത്തുന്ന വിവിധ കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന സബ്സിഡിയുടെ പരമാവധി നിരക്കുകൾ വ്യക്തമാക്കുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് ബിൽ നമ്പർ 86/14.09.22 പ്രകാരം പഠിക്കുന്ന കോഴ്സിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ 87/14.09.22 പ്രകാരം വീണ്ടും ഇതേ വിദ്യാർത്ഥികൾക്ക് തന്നെ തുക മാറി നൽകിയിട്ടുണ്ട്. രണ്ടു തവണ തുക മാറി നൽകിയതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡിയിലധികരിച്ച് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകാവുന്ന പരാമവധി സബ്സിഡി | നൽകിയത് | അധികം |
|---|---|---|---|---|
| അമൽപ്രസാദ്, കൊട്ടാരം പറമ്പിൽ, വാർഡ് 19 | പോളിടെക്നിക്ക്, | 20000 | 1)20000 (ബിൽ നമ്പർ 86/14.09.2022 | 20000 |

| | | | | |
|---|---|---|---|---|
| | | | തുക 40000)<br>2)20000 (ബിൽ നമ്പർ 87/14.09.2022 തുക 130000)<br>ആകെ 40000 | |
| മീനാക്ഷി ലൈജ്ജ,പാറേപറമ്പിൽ വാർഡ് 19 | നഴ്സിങ്ങ് | 20000 | 20000 (ബിൽ നമ്പർ 86/14.09.2022 തുക 40000)<br>2)20000 (ബിൽ നമ്പർ 87/14.09.2022 തുക 130000)<br>ആകെ 40000 | 20000 |

അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ അന്വേക്ഷണക്കുറിപ്പിന് (04/19.08.23) മറുപടി ലഭ്യമാക്കിയില്ല. വിഷയം എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ മുൻവർഷം ടി ഗുണഭോക്താക്കൾക്ക് തുക നൽകാഞ്ഞതിനാലാണ് ടി വർഷം രണ്ടു തവണ തുക നൽകിയതെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. സ്പിൽ ഓവർ പ്രോജക്ടിലുൾപ്പെടുത്താതെ തൻവർഷ പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ആയതിനാൽ അധികം ചെലവഴിച്ച 40000 രൂപ തുക കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വികസനഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 22/06/2023-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 23/06/2023 ലെ എ1-01/23 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 18/08/2023, 19/08/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| പാമ്പാടി | 500000 | ഭിന്നശേഷിക്കാരായ | 500000 | 0 |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം 224/23) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2484946 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-എസ് സി പി(183/23) | 2484946 | 0 |
| | 436931 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-റ്റി എസ് പി(184/23) | 436931 | |
| | 1860000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി -ജനറൽ (182/23) | 1860000 | 0 |
| | 47500 | മയിലാട്ടുംകുന്ന് കുടിവെള്ള പദ്ധതി – വാട്ടർ ടാങ്ക് വാങ്ങൽ (258/23) | 47500 | |
| | 49900 | ആലക്കുളം കുടിവെള്ളപദ്ധതി – 18 പമ്പ് സെറ്റ് വാങ്ങൽ (259/23) | 49900 | |
| | 50000 | മയിലാട്ടുംകുന്ന് കുടിവെള്ള പദ്ധതി – വാട്ടർ ടാങ്കിന് റൂഫിംഗ് (291/23) | 50000 | |
| ആകെ | 5429277 | | 5429277 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 980000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി -ജനറൽ(182/23) | 980000 | 0 |
| | 190000 | ഭിന്ന ശേഷികരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 224/23) | 190000 | 0 |
| | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(186/23) | 100000 | 0 |
| ആകെ | 1270000 | | 1270000 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ- | 74603 | 74603 | 0 |

| | | | | |
|---|---|---|---|---|
| | ട്രാൻസ്ഫോർമർ ഷിഫ്റ്റിംഗ് – വാർഡ് 1 (261/23) | | | |
| കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ ദീർപ്പിക്കൽ പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ് 4 (219/23) | 200000 | 200000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | 01.04.2022-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2022-23 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| സമ്പൂർണ്ണ ഭവനപദ്ധതി | സ.ഉ.186/ഡിബി1/15 ത.സ്വ.ഭ.വ 18.1.15 | 7605000 | --- | 1500000 | 6105000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018, 18.5.2018 | 8911976 | 1551000 | 1935550 | 8527426 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്റർ ആധികാരികമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ് തുകയുടെയും തൻവർഷം ലഭിച്ച തുകയുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല. തിരിച്ചടവ് സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകയാണ് ചേർത്തിട്ടുള്ളത്. വായ്പ രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2022-23 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3179863/- |
| തൻവർഷം നിക്ഷേപിച്ച തുക(Principal Amount) | 157525/- |
| ആകെ | 3337388/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3337388/- |

സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ, പലിശ നിരക്ക്, കാലാവധി എന്നിവ താഴെ കൊടുക്കുന്നു. കാലാവധി തീരുന്ന സമയത്ത് പലിശ സ്വയം മുതലിൽ ചേർക്കുന്നതിന് Auto Renewal സംവിധാനം ഉപയോഗപ്പെടുത്തിയാണ് സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്നത്.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | South Indian Bank |
| ബാങ്ക് ശാഖ (കോഡ്) | അയർക്കുന്നം(0006) |
| എഫ്. ഡി. അക്കൗണ്ട് നം. | 0006101000013249 |
| നിക്ഷേപ തീയതി | 23/04/2022 |
| നിക്ഷേപ കാലയളവ് | 12 മാസം |
| കാലാവധി (Maturity Date) | 23/04/2023 |

വാർഷിക ധനകാര്യ പത്രിക, സ്ഥിര നിക്ഷേപ രജിസ്റ്റർ, ബന്ധപ്പെട്ട ബാങ്ക് പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. ബാങ്ക് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 3524696 രൂപയാണ്. ബാങ്ക് പത്രിക പ്രകാരം 3337388 രൂപയാണ്. 187308 രൂപ വ്യത്യാസം വിശദീകരിച്ചിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/23.08.2023) മറുപടി ലഭ്യമാക്കിയില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തി (കേരള വാട്ടർ അതോറിറ്റി) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2010-11 | 2-11 | കോട്ടയം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ 2008-09 വർഷം എടുത്ത വായ്പയിൽ കോട്ടയം ജില്ലാ സഹകരണബാങ്കിന് 3118000 രൂപ അടച്ചു തീർക്കുവാനുണ്ട്. | നിയമസഭാസമിതി (2014-16)യുടെ 52-ാമത് റിപ്പോർട്ട് ഖ.61,62 പ്രകാരം തുടർനടപടി ശിപാർശ. |
| | | 2010-11 | 2-13 | വിവിധ ഗ്രാമ/ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ | നിയമസഭാസമിതി (2014-16)യുടെ 52-ാമത് റിപ്പോർട്ട് ഖ.66 പ്രകാരം തുടർനടപടി |

| | | | | | |
|---|---|---|---|---|---|
| | | | | അക്ഷയ കമ്പ്യൂട്ടർ പദ്ധതിയ്ക്കായി ആകെ 39298389രൂപ നിക്ഷേപിച്ചതിൽ 2866640രൂപ മാത്രം വിനിയോഗിച്ചു. | ശിപാർശ. |
| 2014-15 | 2-2,2-3,2-5, 2-6,2-7 | 2016-17 | 1, അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-8,2-9 | 2016-17 | 2, അനുബന്ധം-4,5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പെടെ (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 92,994,666/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 42,458,906/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 1,75,650,290/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 1,61,854,298/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 40,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,007,871/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 1-29(1) | | 40,000/- | ശ്രീ. രതീഷ് കുമാർ എസ്, |

| | | | |
|---|---|---|---|
| | | | അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 750,000/- | ഡോ. ബിജു. പി, വെറ്ററിനറി സർജൻ |
| 1-25 | 120,986/- | ഡോ. വിമി ഇക് ബാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-26 | 69,028/- | ഡോ. അഞ്ജു പി.ബി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-29(2) | 400,000/-<br>185,000/- | രതീഷ് കുമാർ എസ്, അസി. സെക്രട്ടറി<br>ജോൺ റ്റി.എൻ, അസി. സെക്രട്ടറി |
| 1-34 | 1,023,018/- | റിഥിൻ ജോസഫ് ജോൺ, അസി. എഞ്ചിനീയർ |
| 1-35 | 399,839/- | റിഥിൻ ജോസഫ് ജോൺ, അസി. എഞ്ചിനീയർ |
| 1-40 | 40,000/- | സരിത പി ഗോപാൽ, അസി. എഞ്ചിനീയർ |
| 1-43 | 20,000/- | ഹരീഷ് കുമാർ എൻ, സെക്രട്ടറി |
| ആകെ | 3,007,871/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ. രതീഷ് കുമാർ എസ്, അസി. സെക്രട്ടറി | അസി. സെക്രട്ടറി, അയർക്കുന്നം ഗ്രാമ പഞ്ചായത്ത് | സതീഷ് ഭവനം, വട്ടോലി മാർക്കറ്റ്, കണ്ടല്ലൂർ ആലപ്പുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും | അവശേഷിക്കുന്ന |
|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/ 27.11.1979 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി6-206/98/ 09.09.2000/ 10.11.2000 | - |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.6-271/00/ 06.10.2000/ 29.12.2001 | - |
| 1999-00(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി12(അദാ-2022)1478(1)/25.08.2022 | 9 |
| 2000-01 & 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി6-1387/07 /17.11.2008 | - |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി6-1007/04 /19.04.2008 | - |
| 2002-03(വരവ്) | എൽ.എഫ്.കെ.പി6-845/07 /20.04.09/ 12.06.2009 | - |
| 2004-05 | എൽ.എഫ്.കെ.പി6-682/08 18.04.09/02.07.2009 | - |
| 2005-06 | എൽ.എഫ്.കെ.പി6-683/08 /5.09.08/ 13.10.2008 | - |
| 2006-07 | എൽ.എഫ്.കെ.പി11-994/2011/ 10.10.2011 | - |
| 2007-08 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2022/1478(3)/25.08.2022 | 3 |
| 2008-09 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2018)-51(7)/16.02.2018 | 01 |
| 2010-11 & 2011-12 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2022)-1478(5)/25.08.2022 | 4 |
| 2012-13 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2022)-1478(6)/25.08.2022 | 4 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി12(അദാ-2022)-1478(7)/25.08.2022 | 6 |
| 2014-15 | കെ.എസ്.എ- കെ.ടി.എം.പി3-175/2018/ | 49 |

| | | |
|---|---|---|
| | 09.04.2018 ശുദ്ധിപത്രം | |
| 2015-16 | കെ.എസ്.എ-<br>കെ.ടി.എം.പി12-737/2016/<br>20.10.2017 | 20 |
| 2016-17 | കെ.എസ്.എ-<br>കെ.ടി.എം.പി12-1727/2017/<br>29.12.2017 | 21 |
| 2017-18 | കെ.എസ്.എ.-<br>കെ.ടി.എം.പി12-872/2019/<br>17.10.2019 | 39 |
| 2018-19 | കെ.എസ്.എ.-<br>കെ.ടി.എം.പി12-1889/2019/<br>29.06.2020 | 41 |
| 2019-20 | കെ.എസ്.എ.-<br>കെ.ടി.എം.പി12-1477/22<br>/14.09.2022 | 09 |
| 2020-21 | കെ.എസ്.എ.-<br>കെ.ടി.എം.പി12-1476/22<br>/13.09.2022 | 26 |
| 2021-22 | കെ.എസ്.എ.-<br>കെ.ടി.എം.പി12-2521/22<br>/15.05.2023 | 37 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം -കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 10-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ayarkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ayarkunnam Grama Panchayat for the year 2022-2023

Date: 01/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Ayarkunnam Grama Panchayat for the Year 2022-2023.

### 1.Major Observations

1. Non Disclosure of Assets-Assets not classified and evaluated. Asset Register has not updated.
2. The accuracy of General Fund as on 31.03.2023 is not clear.
3. Non disclosure of Capital contribution . The capital contribution register and details not kept.

### 2.Other Observations

1. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.
2. Accrual Acounting of contingent expenditures for the year booked in a single liability account head eventhough proper accounting heads available

3. Figures related to the central Finance Commission grant do not match with the figures in the annual financial statement and the bank statement.

4. Details of Capital Work in Progress not available due to lack of register

5. Details of Prior Period Income/Expenditure not certified and submitted as notes on account

6.Project expenditures accounted in wrong head of accounts.

7. Rupees 46060/- accounted in RP -10 in head of account 180400101 (Recovery From Employess Audit Recovery Based On Charge Certificate) is not accurate.

8.Cost of empty barrels accounted as Receipts From Sale Of Scrap/ Empties And Waste Materials under the head 150120102 instead of liability head

9.Documents required to verify depreciation were not made available

10.Amounts accounted as Joint venture projects not matches with project expenditure.

11.Government/Other dues register not maintained

12.The acuracy of cash flow statement is not clear

13.Bank account details regarding health grant not included in AFS.

14.Fixed deposit and interest on fixed deposits accounted in AFS not matches with bank statements.

15. DCB of various receipts does not match with AFS.

16. Negative closing balance in bank accounts in balance sheet which is explained as software error not corrected till date.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്